റോഡുകൾ റബ്ബറൈസ് ചെയ്യാൻ നടപടി

18 (*421) ശ്രീ. വി. ബാലറാം :
ശ്രീ. ഡി. സുഗതൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. എൻ. ഡി. അപ്പച്ചൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമവികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ റോഡുകൾ റബ്ബറൈസ് ചെയ്യുന്നതിന് ഉദ്ദേശമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ വർഷം എത്ര കിലോമീറ്റർ റോഡാണ് റബ്ബറൈസ് ചെയ്യുന്നത് ;

(സി) ഇതിനുള്ള ചെലവ് ആര് വഹിക്കും എന്ന് വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത പദ്ധതി തുടർന്നു കൊണ്ടുപോകുവാൻ ഉദ്ദേശമുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്) :

(എ) ഉദ്ദേശമുണ്ട്.

(ബി) 2001-02 വർഷം പ്രധാനമന്ത്രിയുടെ ഗ്രാമ സഡക് യോജന പദ്ധതിയനുസരിച്ച് കേന്ദ്രാനുമതി ലഭിച്ച 37 ബ്ലോക്കുകളിലെ 184 ഗ്രാമീണ റോഡുകളുടെ ഉപരിതലം സ്വാഭാവിക റബ്ബർ കൂടി ചേർത്ത ബിറ്റുമെൻ ഉപയോഗിച്ച് നിർമ്മിക്കുന്ന നടപടികൾ പൂർത്തിയായി വരുന്നു. ഇത്തരം റോഡുകൾക്ക് മൊത്തം 287 കിലോമീറ്റർ ദൈർഘ്യമാണുള്ളത്.

(സി) പ്രധാനമന്ത്രിയുടെ ഗ്രാമ സഡക് യോജന പദ്ധതിയുടെ മുഴുവൻ നിർമ്മാണ ചെലവും കേന്ദ്ര സർക്കാരാണ് വഹിക്കുന്നത്. ബിറ്റുമെനിൽ റബ്ബർ അധികമായി കൂട്ടിച്ചേർക്കുന്നതിന്റെ ചെലവ് റബ്ബർ ബോർഡ് വഹിക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്.

(ഡി) ഈ പദ്ധതി തുടർന്നുകൊണ്ടുപോകാൻ ഉദ്ദേശിക്കുന്നുണ്ട്.

ആശുപത്രികളും പരിസരങ്ങളും മാലിന്യ വിമുക്തമാക്കുവാൻ നടപടി

19 (*422) ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. മത്തായി ചാക്കോ :
ശ്രീ. ടി. കെ. ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ആശുപത്രികളിലും മറ്റും മാലിന്യം കുന്നുകൂടി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ മാലിന്യം നീക്കം ചെയ്യാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എന്നുമുതൽ ഈ മാലിന്യം നീക്കം ചെയ്തു തുടങ്ങുമെന്ന് തീരുമാനിച്ചിരുന്നോ ;

(ഡി) എങ്കിൽ തീരുമാനപ്രകാരം മാലിന്യം നീക്കം ചെയ്തു തുടങ്ങിയോ ;

(ഇ) ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ പറയാമോ ;

(എഫ്) എത്രയും വേഗം ആശുപത്രികളും പരിസരങ്ങളും മാലിന്യ വിമുക്തമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) മെഡിക്കൽ കോളേജ് ആശുപത്രികളിലെ മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. മാലിന്യങ്ങൾക്കുള്ളിൽ ഖരമാലിന്യങ്ങൾ ബയോമെഡിക്കൽ വേസ്റ്റായും മറ്റ് മാലിന്യങ്ങളായും വേർതിരിച്ച് സംസ്ക്കരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ബയോമെഡിക്കൽ വേസ്റ്റ് ഇൻസിനറേറ്റർ ഉപയോഗിച്ച് കത്തിച്ചുകളയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കോഴിക്കോട് മെഡിക്കൽ കോളേജിൽ ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഈ സംവിധാനം നിലവിലുണ്ട്. കൂടാതെ കരാറടിസ്ഥാനത്തിലും മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി&ഇ) ഇപ്പോൾ തന്നെ മിക്കവാറും ആശുപത്രികളിൽ മാലിന്യങ്ങൾ സംസ്ക്കരിക്കുകയും നീക്കം ചെയ്യുകയും ചെയ്യുന്നുണ്ട്.

(എഫ്) നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുവാൻ നടപടി

20 (*423) ശ്രീ. സാജു പോൾ :
ശ്രീ. പി. ജയരാജൻ :
ശ്രീ. വി. കെ. സി. മമ്മത്കോയ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഭവ സമാഹരണം വർദ്ധിപ്പിക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും ഉതകുംവിധം നികുതി പുനർനിർണ്ണയം നടത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) ഇതിനായി സംസ്ഥാന ധനകാര്യ കമ്മീഷൻ നൽകിയ ശുപാർശകൾ എന്തൊക്കെയാണ് ;

(ഡി) ധനകാര്യ കമ്മീഷന്റെ രണ്ടാം ശുപാർശ എന്നാണ് സർക്കാരിന് ലഭിച്ചത് ;

LIBRARY ARCHIVES Kerala Legislative Assembly